ട്രാൻസ്പോർട്ട് ദേശസാൽക്കരണം

* 180. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം പുതിയ ബസ്സ് റൂട്ടുകൾ ദേശസാൽക്കരിക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ട് ;

(ബി) കായംകുളം—പുനലൂർ ലൈൻ ദേശസാൽക്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

പെൻഷൻകാർക്ക് ലഭിക്കുന്ന ആനുകൂല്യം

* 181. [7] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റുസർവ്വീസിൽനിന്ന് റിട്ടയർചെയ്ത പെൻഷൻകാർക്ക് ലഭിക്കുന്ന സാമ്പത്തികാശ്വാസനടപടികൾക്കു തുല്യമായ ആനുകൂല്യങ്ങൾ, സ്റ്റേറ്റുസർവ്വീസിലെ പെൻഷൻകാർക്ക് ചെയ്തുകൊടുക്കുന്ന കാര്യം സംസ്ഥാനഗവണ്മെന്റു പരിഗണിച്ചിട്ടുണ്ടോ ;

(ബി) ഇതേസംബന്ധിച്ച് സംസ്ഥാനഗവണ്മെന്റിനു കേന്ദ്രഗവണ്മെന്റിനേറ്റതായ വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പരിഷ്ക്കാരം നടപ്പിലാക്കാൻ സംസ്ഥാനഗവണ്മെന്റിനു് എത്ര അധികച്ചിലവു വഹിക്കേണ്ടിവരും ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഇല്ല.
(ബി) ഇല്ല.
(സി) കണക്കാക്കിയിട്ടില്ല.

ചെലവുകുറച്ചുരുക്കുന്നതിനു നിർദ്ദേശങ്ങൾ നൽകുന്നതിനു നിയുക്തമായ കമ്മിറ്റി

* 182. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവുകുറച്ചുരുക്കുന്നതിൻവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു നിയുക്തമായ "പദ്മനാഭൻ കമ്മിറ്റി" അവസാന റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞുവോ ;

(ബി) 1963-64 വർഷത്തിൽ (ഡിസംബർ അവസാനംവരെ) ചെലവുചുരുക്കൽ നടപടികൾമൂലം എത്ര തുക ലാഭിക്കുവാൻ ഗവണ്മെന്റിനു സാധിച്ചു ;

(സി) സംസ്ഥാനത്തുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിച്ചുപോരുന്ന റീജിയനൽ ഓഫീസുകൾ നിറുത്തൽചെയ്യുന്നതിനു ഗവണ്മെന്റു തയാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഇല്ല.

(ബി) ഈ കാലയളവിലേക്കുമാത്രമായുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ സ്പെഷ്യലാഫീസറുടെ ശുപാർശകളിൽ ഗവണ്മെന്റു് അംഗീ

LIBRARY ARCHIVES Kerala Legislative Assembly

കരിച്ചവമൂലം ഏകദേശം 33 ലക്ഷം രൂപയുടെ ചെലവു് ഒരു വർഷം കുറയ്ക്കാൻ സാധിക്കുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

(സി) ഓരോ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചും സ്പെഷ്യലാഫീസർ നൽകുന്ന ശുപാർശകൂടിനോക്കി ഈ സംഗതി പരിഗണിക്കുന്നതാണു്.

ബസ്സുകളിലെ മിനിമംചാർജു്

* 183. [9] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ബസ്സുകളിലെ മിനിമം ചാർജു് പത്തു നയാപൈസയായി കുറയ്ക്കുവാൻ എന്നാണു് തീരുമാനിച്ചതു് ;

(ബി) ഇതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം എന്നു പരസ്യപ്പെടുത്തി ;

(സി) മിനിമം ചാർജു് 10 നയാപൈസയായി കുറവുചെയ്യുകൊണ്ടുള്ള തീരുമാനം ഇനിയും നടപ്പിൽ വരുത്താത്തതിൻറെ കാരണമെന്തു് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 18-9-1963-ൽ.
(ബി) 24-9-1963-ൽ.
(സി) മോട്ടോർ വാഹനനിയമത്തിലെ 43-ാംവകുപ്പു് അനുശാസിക്കുന്ന നടപടിക്രമങ്ങളും പൂർത്തിയാകാത്തതുകൊണ്ടു്.

പ്രീയൂണിവേഴ്സിറ്റി കോഴ്സു്

* 184. [12] ശ്രീമതി കുസുമം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് പ്രീയൂണിവേഴ്സിറ്റി കോഴ്സു് 2 വർഷമാക്കുവാൻ തീരുമാനമെടുത്തുകഴിഞ്ഞുവോ;

(ബി) എന്നുമുതലാണു് ഇതു് നടപ്പിലാക്കുക ;

(സി) എസ്സു്. എസ്സു്. എൽ. സി. വരെ എല്ലാവിഷയങ്ങളും പഠിക്കുന്ന ഒരു കുട്ടിക്കു് കോളേജിലെങ്കിലും തൻറെ വാസനയനുസരിച്ചു വിഷയങ്ങളും പഠിക്കുന്നതിനും അതിൽ പ്രാവീണ്യം നേടുന്നതിനും അവസരം നൽകുമോ ;

(ഡി) അഖിലേന്ത്യാടിസ്ഥാനത്തിൽ ഉള്ള മത്സരപരീക്ഷകളിൽ നമ്മുടെ കുട്ടികളും പുറകോട്ടുപോകാതിരിക്കുവാൻ അതു് സഹായിക്കും എന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കഴിഞ്ഞു.
(ബി) അടുത്ത അദ്ധ്യയനവർഷം മുതൽ.
(സി) വരുന്നകൊല്ലംതൊട്ടു തുടങ്ങേണ്ട പാഠപദ്ധതികളെപ്പറ്റി സർവ്വകലാശാല പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.
(ഡി) കരുതുന്നുണ്ടു്.

മലയാള സർവ്വവിജ്ഞാന കോശം.

* 185. [13] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സർവ്വവിജ്ഞാനകോശത്തിൻറെ പ്രവർത്തനം എത്രത്തോളം പുരോഗമിച്ചു, എത്ര വാല്യങ്ങളായിട്ടാണു് ഇതു് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly